# പുസ്തക ആസ്വാദന കുറിപ്പ്

നീർമാതളം
പൂത്ത
കാലം


നീർമാതളം
പൂത്ത
കാലം
മാധവിക്കുട്ടി

എന്റെ പേര് അളകനന്ദ . എസ്സ് ഞാൻ കായംകുളം N.R.P.M ഹൈസ്ക്കൂളിലെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്.

മലയാളത്തിന്റെ പ്രിയ കഥാകാരി മാധവിക്കുട്ടി എഴുതിയ "നീർമാതളം പൂത്തകാലം" എന്ന പുസ്തകത്തിന്റെ ആസ്വാദന കുറിപ്പാണ് ഞാൻ ഇവിടെ എഴുതുന്നത്.

തൃശൂർ ജില്ലയിലെ പുന്നയൂർ കുളത്ത് നാലാപ്പാട്ട് എന്ന അക്ഷരത്തറവാട്ടിൽ നാലാപ്പാട്ട് ബാലാമണിയമ്മയുടെയും വി. എം നായരുടെയും മകളായി മാധവിക്കുട്ടി എന്ന കമല സുരയ്യ ജനിക്കുന്നത്. ചെറിയ പ്രായത്തിൽ തന്നെ സാഹിത്യലോകത്ത് എത്തപ്പെട്ട ഒരു വ്യക്തിയാണ് മാധവിക്കുട്ടി.

മാധവിക്കുട്ടിയുടെ നീർമാതളം പൂത്ത കാലം എന്ന പുസ്തകം 1994ൽ വയലാർ അവാർഡ് നേടി. 1993ൽ ആണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്. ഈ പുസ്തകം എഴുത്തുകാരിയുടെ ഓർമ്മക്കുറിപ്പാണ്....

മാധവിക്കുട്ടിയുടെ പച്ചയായ ജീവിത അനുഭവങ്ങൾ ആണ് ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നത്.

എഴുത്തുകാരിയുടെ ഗ്രാമ സ്മൃതികളിൽ നിറഞ്ഞു നിൽക്കുന്ന ഓർമ്മകളാണ് ഈ പുസ്തകത്തിൽ ഉടനീളം നമ്മൾ കാണുന്നത്.

നീർമാതളം പൂക്കുന്നത് കേവലം ഒരാഴ്ച്ച-കാലത്തേക്കാണ് പുതുമഴയുടെ സുഗന്ധം മണ്ണിൽ നിന്ന് ഉയർന്നാൽ ഉടൻ നീർമാതളം പൂക്കാൻ തയ്യാറായി എന്ന് വിചാരിക്കാം.

പൂക്കൾ വന്ന് നിറഞ്ഞാൽ ഇലകൾ കൊഴിയാൻ തുടങ്ങും. ഓർമ്മകളുടെ സുഗന്ധം പേറുന്ന ഒരു പൂക്കാലം. മലയാളത്തിന്റെ പ്രിയ കഥാകാരി മാധവിക്കുട്ടിയുടെ ജീവിതത്തിലും ഉണ്ടായി എന്ന് വേണം കരുതാൻ.

ഈ പുസ്തകം മലയാളിഎന്നെന്നും നെഞ്ചിലേ-റ്റുന്ന ഒന്നാണ്. സ്മരണകളുടെ ഈ അപൂർവ്വ പുസ്തകം ഓരോ വായനക്കാരിലും സ്വന്തം കുട്ടിക്കാലവും ഓർമ്മകളുടെ സുഗന്ധവും പരത്തുന്നു.

ചെറുപ്പകാലത്തെ ഓർമ്മകൾ കുറച്ചു സമയത്തേക്ക് മാത്രമാണ് ഉള്ളതെങ്കിലും. ആ ഓർമ്മയുടെ സുഗന്ധം എന്നും നമ്മുടെ മനസ്സിൽ ഉണ്ടാകും ഇത് തന്നെയാണ് ഈ പുസ്തകത്തിന്റെ പ്രത്യേകതയും

ഈ പുസ്തകം വായിക്കുമ്പോൾ നമ്മളു-ടെ പല ഓർമ്മകളിലേക്കും കൂട്ടിക്കൊണ്ടു പോകും. ഈ പുസ്തകത്തിൽ എഴുത്തുകാരിയുടെ ചെറുപ്പ-കാലം അവരുടെ കല്ല്യാണത്തിന് മുന്നേവരെയുള്ള ജീവിതം ആണ് പറയുന്നത് അവരുടെ കൽക്കത്ത-യിലുള്ള സ്ട്രീറ്റിലെ അനുഭവങ്ങളും അത്പോലെ തന്നെയുള്ള പുന്നയൂർ കുളത്തുള്ള തറവാട്ടു വീടിൽ നിന്നിരുന്ന സമയത്തുള്ള-

അനുഭവങ്ങളും ഒക്കെയാണ് ഈ പുസ്തകത്തിൽ പറയുന്നത്.

ഈ ഒരു പുസ്തകത്തിന്റെ ഭാഷാ ശൈലി നോക്കുകയാണെങ്കിൽ വള്ളുവനാടൻ ഗ്രാമങ്ങളിലെ സംസാര രീതിയാണ് ഈ പുസ്തകത്തിൽ ഉടനീളം കാണുന്നത്. ആ ഒരു ഭാഷാ ശൈലിയാണ് ഉപയോഗിച്ചിരിക്കുന്നത് അതു കൊണ്ട് തന്നെ നമ്മൾക്ക് വായിക്കാൻ വളരെ കൗതുകം തോന്നും ഈ പുസ്തകത്തിന്റെ ഘടന നോക്കുകയാണെങ്കിൽ ആദ്യത്തെ ഭാഗത്ത് അവർ ചരിത്രമാണ് പറയുന്നത്.

നാലപ്പാട്ട് തറവാടിന്റെയും അതുപോലെ തന്നെ അവരുടെ ഭർത്താവ് മാധവ ദാസിന്റെയും കുടുംബ വീടിന്റെയും അമ്പാഴത്ത് തറവാടിന്റെയും ചരിത്രമാണ് പറയുന്നത് ഈ പുസ്തകം അവരുടെ ഓർമ്മ കുറിപ്പാണ് അവരുടെ ബാല്യം കൗമാര്യം ഒക്കെയാണ് ഈ പുസ്തകങ്ങളിൽ പങ്കുവെക്കുന്നത്.

നാലാപ്പാട്ട് തറവാട്ടിൽ എത്തുമ്പോൾ മാധവിക്കുട്ടി ഒരു പാട് വാത്സല്യം നുകരുന്നുണ്ടായിരുന്നു അമ്മമ്മയുടെ അടുത്തുനിന്നായാലും അമ്മാവന്റെ അടുത്ത് നിന്നായാലും. അതിൽ നിന്ന് വളരെ വ്യത്യസ്തമായ ജീവിതമാണ് അവർക്ക് കൽക്കത്തയിലെ വീട്ടിൽ ഉണ്ടായിരുന്നത്....

അതായത് ഇന്ത്യയുടെ സ്വാതന്ത്ര്യ സമരകാലത്ത് പ്രശ്നങ്ങൾ എല്ലാം നേരിട്ട് കണ്ട ഒരു വ്യക്തിയാണ് മാധവിക്കുട്ടി കൽക്കത്തയിലെ ജീവിതത്തിൽ അവർ ദാരിദ്ര്യവും കഷ്ടപ്പാടും ഒരുപാട് കണ്ടിട്ടുണ്ട് അതെല്ലാം അവർ നിസ്സഹായായി നോക്കിനിൽക്കേണ്ടി വന്നിട്ടുണ്ട് അങ്ങനെയുള്ള അനുഭവങ്ങൾ ആണ് കൽക്കത്ത ജീവിതത്തിൽ അവർ പങ്കുവെയ്ക്കുന്നത്.

ഓരോ ഭാഗത്തിലും ഓരോ കഥകളാണ് പറയുന്നത് ഒരുകഥ നാലപ്പാട്ട് തറവാടിനെകുറിച്ച് പറഞ്ഞു കഴിഞ്ഞാൽ പിന്നെ കൽക്കത്തയിലെ കഥയാണ് പറയുന്നത് ആ ഒരു രീതിയാണ് ഈ പുസ്തകത്തിൽ എഴുത്തുകാരി ഉപയോഗിച്ചിരിക്കുന്നത്.

ഈ പുസ്തകത്തിന്റെ ആമുഖത്തിൽ നീർമാതളം പൂത്തകാലം എന്ന ടൈറ്റിൽ വായിച്ചപ്പോൾ എനിക്ക് തോന്നിയ ഒരു കാര്യം. നീർമാതളം പൂക്കുന്നത് കേവലം ഒരാഴ്ച്ചക്കാലത്തേക്കാണ് എന്ന് തുടങ്ങുന്ന ഒരു വരിയുണ്ട്.

അതായത് എഴുത്തുകാരിക്ക് നീർമാതളം പൂക്കുന്ന സമയം എന്ന് ഉദ്ദേശിക്കുന്നത് അവർ കൽക്കത്തയിൽ നിന്നും നാലപ്പാട്ട് തറവാട്ടിൽ എത്തുന്ന സമയത്തെ ആണ്. അവർ നീർമാതളം പൂക്കുന്ന കാലം എന്ന് ഉദ്ദേശിക്കുന്നത്...

വളരെ അവിചാരിതമായി ഈ പുസ്തകം
വായിക്കാൻ അവസരം കിട്ടിയ ഒരാളാണ് ഞാനും
ഇതിലെ ചില ഭാഗങ്ങളിലെ വരികൾ എന്റെ
മനസ്സിൽ ഇടംനേടി ആ വരികൾ ഇങ്ങനെയാണ്
"എനിക്ക് വീണ്ടും ഒരു ജന്മം കിട്ടുകയാണെ
ങ്കിൽ ഞാൻ എല്ലാരാത്രിയും നക്ഷത്രങ്ങൾ
ക്കിടയിൽ മാത്രം ഉറങ്ങും മാൻ പേടകളും
കുതിരകളും നായ്ക്കുട്ടികളും മയിലുകളും
വിഹരിക്കുന്ന ഒരു തോട്ടത്തിൽ ഞാൻ താമസിക്കും
വെയിൽ കൊള്ളുന്ന പകൽ നദിയിൽ നീന്തി-
യും ഒരു മഞ്ചൽ എന്ന പോലെ കിടക്കുക
യും ചെയ്യും."

ഈ പുസ്തകം വായിച്ച് കഴിഞ്ഞ
പ്പോൾ നാലപ്പാട്ട് തറവാടും പരിസരവും
നീർമാതളവും ഒക്കെ കാണാൻ എന്റെ മനസ്സ്
കൊതിക്കുന്നു. സാധിക്കുന്ന എല്ലാവരും വായി-
ച്ചിരിക്കേണ്ട ഒരു പുസ്തകമാണ്. മാധവിക്കുട്ടി
അമ്മയുടെ നീർമാതളം പൂത്ത കാലം.
വ്യത്യസ്തമായ അനുഭവ കുറിപ്പിലൂടെ എഴുത്തു
കാരി വായനക്കാരായ നമ്മളെ വായനയുടെ
ആസ്വാദന ലോകത്തേക്ക് കൊണ്ടു പോകുന്നു.
ഇത് തന്നെയാണ് ഈ പുസ്തകത്തിന്റെയും
വിജയവും. ഓരോ മലയാളിയുടെയും പുസ്തക
ഷെൽഫിൽ നീർമാതളം പൂത്തകാലം എന്ന പുസ്തകം
ഇടംനേടട്ടെ.....

By :-
ദേവനന്ദ
8.C